"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കണ്ണൂർ ചാല എന്ന സ്ഥലത്ത് വീട് നിർമാണാനുമതി ലഭിക്കുന്നതിന് വേണ്ടി കൈക്കൂലി ആവശ്യപ്പെട്ടത്- വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് - കുറ്റാരോപിതനെതിരെ അച്ചടക്കനടപടി- കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2803/2025/LSGD തീയതി,തിരുവനന്തപുരം, 13-11-2025

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.01.2021-ലെ C6(VC 02/2020/KNR) 29137/2020 നമ്പർ റിപ്പോർട്ട്
2. 06.12.2021-ലെ EWA2/26/2021-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. റിട്ട. ഓവർസിയർ ശ്രീ. കെ. രമേഷ്ബാബു 24.02.2022 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

കണ്ണൂർ കോർപറേഷൻ പരിധിയിൽ എടക്കാട് സോണൽ ഓഫീസിന് കീഴിൽ കണ്ണൂർ ചാല എന്ന സ്ഥലത്ത് വീട് നിർമാണാനുമതി ലഭിക്കുന്നതിന് വേണ്ടി കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് എടക്കാട് സോണലിലെ ഓവർസിയർ ഗ്രേഡ്-1 ആയിരുന്ന ശ്രീ. കെ. രമേഷ് ബാബു (PEN-675648)-നെതിരെ രജിസ്റ്റർ ചെയ്ത VC 02/2020/KNR വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി വസ്തുതാറിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

**2.** തുടർന്ന്, മുൻ ഓവർസിയർ ശ്രീ. കെ. രമേഷ് ബാബുവിനെതിരെ ഈ വകുപ്പിൽ നിന്ന് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് കുറ്റപത്രം/കുറ്റാരോപണപത്രിക നൽകുകയും ആയതിന് ടിയാൾ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക ലഭ്യമാക്കുകയുമുണ്ടായി. പ്രതിവാദപത്രികയിൽ ടിയാൾ കുറ്റാരോപണങ്ങൾ നിഷേധിക്കുകയുണ്ടായി. ശ്രീ. കെ. രമേഷ് ബാബു 30.01.2024-ൽ സേവനത്തിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ, ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച

അച്ചടക്കനടപടി, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം തുടരേണ്ടതുണ്ട്.

3 . നടപടിക്രമങ്ങളുടെ ഭാഗമായി, റിട്ട. ഓവർസിയർ ശ്രീ. കെ. രമേഷ് ബാബുവിനെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി. (PEN-687045)-യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥ മൂന്നാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. റിട്ട. ഓവർസിയർ ശ്രീ. കെ. രമേഷ് ബാബു (PEN - 675648), Parvanam, Kelalur, Near Kelalur A.U.P School, Mambram P.O., Kannur-670741.
2. ശ്രീമതി നിഷ വി.വി. (PEN-687045), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എടക്കാട് ബ്ലോക്ക്പഞ്ചായത്ത്, കണ്ണൂർ
   **(1, 2 ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സ്റ്റോക്ക് ഫയൽ (EWA2/26/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 13-11-2025 14:44:23
സെക്ഷൻ ഓഫീസർ